## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.563** **03.03.2020-ൽ മറുപടിക്ക്**

## വർക്കല നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br><br>ശ്രീ .വി. ജോയി | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് വർക്കല നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ നൽകാമോ; | (എ) | ഈ സർക്കാരിന്റെ കാലത്തു വർക്കല നിയോജക മണ്ഡലത്തിൽ, സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി എം.എൽ.എയുടെ എ.ഡി.എസ് ഫണ്ടിൽ നിന്നും ലഭിച്ച 16,30,283/- രൂപ ഉൾപ്പെടെ ആകെ 1,10,63,946/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | വർക്കല മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി അപേക്ഷ ലഭിച്ചതിൽ എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നല്കാനുണ്ടെന്ന് വ്യക്തമാക്കാമോ; അതിനുള്ള തടസ്സമെന്താണെന്ന് അറിയിക്കുമോ? | (ബി) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ലഭിച്ച 1233 അപേക്ഷകളിൽ 1231 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.<br><br>കണക്ഷൻ ലഭ്യമാക്കാനുള്ള ബാക്കി രണ്ടു പേരിൽ ഒരാൾ ഇലക്ട്രിക്കൽ സെക്ഷൻ മടവൂരിന്റെ പരിധിയിലുള്ള ശ്രീമതി. അമ്പിളി, ചരുവിള പുത്തൻ വീട്, മടവൂർ ആണ്. ടിയാൾക്കു കണക്ഷൻ നൽകുന്നതിന് മൂന്നു പേരുടെ സമ്മതം ആവശ്യമായിട്ടുള്ളതും അവർ മൂന്നുപേരും തടസ്സവാദം ഉന്നയിച്ചിട്ടുള്ളതിനാലും ബഹുമാനപ്പെട്ട തിരുവനന്തപുരം അഡിഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനു പെറ്റിഷൻ നൽകുകയുണ്ടായി. അന്തിമ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് കണക്ഷൻ നൽകുന്നതാണ്.<br><br>ഇടവ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള ശ്രീമതി ഇന്ദിര, ശാസ്താംവില |

| | | | |
|---|---|---|---|
| | | | വെൺകുളം ആണ് കണക്ഷന് വേണ്ടി അപേക്ഷിച്ചിട്ടും ലഭിക്കാത്ത മറ്റൊരാൾ. പൊയ്കയിൽ ശിവ പാർവതി ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലെ പറമ്പിന്റെ മൂലയിലുള്ള ഇന്ദിരയുടെ ബന്ധുവീടായ ഓലമേഞ്ഞ ഷെഡ്ഡിലേക്കായിരുന്നു കണക്ഷന് അപേക്ഷിച്ചിരുന്നത്. വൈദ്യുതി കണക്ഷൻ നൽകുന്നതിന് അമ്പല പറമ്പിലൂടെ ഓവർഹെഡ് ലൈൻ വലിക്കുന്നതിനുള്ള അനുവാദം ലഭ്യമല്ലാത്തതിനാലും ആവശ്യമുള്ള ഒരു രേഖയും ഹാജരാക്കാത്തതിനാലും ബഹുമാനപ്പെട്ട തിരുവനന്തപുരം അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് മുമ്പാകെ പെറ്റീഷൻ ഫയൽ ചെയ്യുകയും അവശ്യം വേണ്ടുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ ബഹുമാനപ്പെട്ട അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് കേസ് തള്ളുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ